74 (74) സംസ്ഥാനത്തെ വാഹനമോഷണങ്ങൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനമോഷണം വർദ്ധിച്ചുവരുന്നതായി അറിവുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര മോട്ടോർ വാഹനങ്ങൾ സംസ്ഥാനത്ത് കളവുപോയിട്ടുണ്ട്;

(സി) ഇവയിൽ ഏതെങ്കിലും കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) മോട്ടോർ വാഹനമോഷണം തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഡി) 2751 വാഹനങ്ങൾ കളവ് പോയിട്ടുണ്ട്. ഇതിൽ 1205 വാഹനങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്. വാഹനമോഷണം തടയുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. പ്രധാനപ്പെട്ട വാഹനമോഷണ കേസ്സുകൾ ക്രൈംബ്രാഞ്ചിലെ പ്രത്യേക വിഭാഗം മുഖേനയും അന്വേഷണം നടത്തിവരുന്നു. ദേശീയപാതയിലും മറ്റ് റോഡുകളിലും വാഹനപരിശോധന കർക്കശമാക്കിയിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവരെ നിരീക്ഷിക്കുകയും ചെയ്തുവരുന്നു. കൂടാതെ ഫ്ളൈയിംഗ് സ്ക്വാഡിന്റെ പ്രവർത്തനവും ഉപയോഗിച്ചുവരുന്നു. രാത്രിയിലും പകലും പ്രത്യേക പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

75 (75) സംസ്ഥാനത്ത് നടന്ന സ്ഫോടനങ്ങൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര സ്ഫോടനങ്ങൾ നടന്നു;

(ബി) ഈ സ്ഫോടനങ്ങളിൽ മരിച്ചവർ എത്ര; അംഗഭംഗം വന്നവരെത്ര; പരിക്കേറ്റവരെത്ര;

(സി) ഇതിന്റെ ഫലമായി മരിച്ചവർ, അംഗഭംഗം സംഭവിച്ചവർ, പരിക്കേറ്റവർ എന്നീ ഓരോ വിഭാഗത്തിലും പെട്ടവരുടെ രാഷ്ട്രീയകക്ഷികളുമായുള്ള ബന്ധം എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഫോടനങ്ങളിലൊട്ടാകെ എത്ര പ്രതികളുണ്ടെന്നും ഇവർ ഏതൊക്കെ രാഷ്ട്രീയ കക്ഷികളുമായി ബന്ധപ്പെട്ടവരാണെന്നും അറിയിക്കുമോ;

(ഇ) ഓരോ രാഷ്ട്രീയ കക്ഷികളുമായി ബന്ധമുള്ള എത്രപേരെ അറസ്റ്റ് ചെയ്തുവെന്നും ഇനി എത്രപേരെ അറസ്റ്റ് ചെയ്യാനുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) 185 സ്ഫോടനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly